**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2299**

**12-02-2020 ൽ മറുപടിക്ക്**

**കൊച്ചി കാൻസർ റിസെർച്ച് സെന്ററിന്റെ നിർമ്മാണത്തിലിരുന്ന കെട്ടിടം തകർന്ന് വീണ സംഭവം**

| ചോദ്യം<br>ശ്രീ. ടി.ജെ. വിനോദ്<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ഡി.സതീശൻ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി സഹായത്തോടെ നിർമ്മാണം നടക്കുന്ന കൊച്ചി കാൻസർ റിസർച്ച് സെന്ററിന്റെ കെട്ടിടം തകർന്നു വീണ സംഭവം ഉണ്ടായിട്ടുണ്ടോ? | കെട്ടിടത്തിന്റെ ഒരു ഭാഗം കോൺക്രീറ്റ് ചെയ്യവേ തകർന്നു വീണ സംഭവം ഉണ്ടായിട്ടുണ്ട്. |
| (ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു പ്രോജക്റ്റ് ഓഫീസിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന് നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശം സർക്കാർ നടപ്പിലാക്കിയിരുന്നോ; | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു പ്രോജക്റ്റ് ഓഫീസിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ നിർദ്ദേശം കിഫ്ബിയിൽ ലഭിച്ചിട്ടില്ല. ഭരണവകുപ്പിനും, ഭരണവകുപ്പ് നിയമിക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസിക്കുമാണ് നിർമ്മാണ പ്രവർത്തികളുടെ ഉത്തരവാദിത്വം. |
| (സി) കിഫ്ബിയുടെ ധനസഹായത്തോടെ നടത്തുന്ന കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതിക പരിശോധന കിഫ്ബി നടത്താറുണ്ടോ; എങ്കിൽ കൊച്ചി കാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | ഉണ്ട്. കൊച്ചി കാൻസർ റിസർച്ച് സെന്ററിന്റെ നിർമ്മാണം പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാൽ താത്കാലികമായി നിർത്തിവെക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. |
| (ഡി) ഈ കെട്ടിടനിർമ്മാണത്തിലെ അഴിമതിയും ഗുരുതരമായ അനാസ്ഥയും സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ടി വിഷയവുമായി ബന്ധപ്പെട്ട് പ്രതിപക്ഷനേതാവിന്റെ കത്ത് കിഫ്ബിയിൽ ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**